REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭരണഘടനാ ശില്പി ഡോ. BR. അംബേദ്കറുടെ 135-ാം ജന്മദിനത്തിൽ രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിച്ചു.**
- **അംബേദ്കറുടെ സന്ദേശമാണ് കഴിഞ്ഞ പതിനൊന്ന് വർഷക്കാലത്തെ കേന്ദ്ര ഭരണത്തിന് പ്രചോദനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കാർഷിക സമൃദ്ധിയുടെ ഓർമ്മ പുതുക്കി മലയാളികൾ ഇന്ന് വിഷു ആഘോഷിക്കുന്നു.**
- **IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഭരണഘടനാ ശില്പി ഡോ. BR. അംബേദ്കറുടെ 135-ാം ജന്മദിനമായ ഇന്ന് രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിച്ചു.

രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അംബേദ്കർ ജന്മവാർഷിക ദിനത്തിൽ ആശംസ നേർന്നു. മുതിർന്ന നേതാക്കൾ ഡൽഹിയിലെ അംബേദ്കർ പ്രതിമയിൽ രാവിലെ പുഷ്പാർച്ചന നടത്തി.

ഡെസ്ക് റിപ്പോർട്ട്.

.....വോയ്സ്.......

✪✪✪

*പ്രചോദനാത്മകമായ ജീവിതത്തിൽ, അങ്ങേയറ്റം ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും അംബേദ്കർ തന്റേതായ വ്യക്തിത്വം സൃഷ്ടിച്ചുവെന്നും അസാധാരണ നേട്ടങ്ങളിലൂടെ ലോകമെങ്ങും ആദരവ് നേടിയെന്നും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. സ്ത്രീകളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും സാമ്പത്തികവും സാമൂഹ്യവുമായ അവകാശങ്ങൾക്കുവേണ്ടി ആജീവനാന്ത പോരാട്ടം നടത്തിയ അംബേദ്കറുടെ ആദർശങ്ങൾ ജീവിതത്തിൽ പിന്തുടരാൻ രാഷ്ട്രപതി ആഹ്വാനം ചെയ്തു.*

*സാമൂഹ്യനീതിയെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ രാജ്യത്തെ പ്രചോദിപ്പിച്ച നേതാവായിരുന്നു അംബേദ്കറെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ കുറിച്ചു.*

*രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള തുടങ്ങിയവർ രാവിലെ ഡൽഹിയിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. അംബേദ്കർ ജയന്തിയോടനുബന്ധിച്ച് രാജ്യമെങ്ങും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.*

*സാമൂഹ്യ പരിഷ്കർത്താവ്, സാമ്പത്തിക വിദഗ്ധൻ, രാഷ്ട്രീയ പ്രവർത്തകൻ തുടങ്ങി വിവിധ രംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു ഡോ. ഭീംറാവു അംബേദ്കർ. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കെതിരെ സാമൂഹികവും ജാതിപരവുമായ വിവേചനം അവസാനിപ്പിക്കാൻ ജീവിതകാലം മുഴുവൻ അക്ഷീണം പ്രയത്നിച്ച അദ്ദേഹത്തിന് 1990-ൽ രാജ്യം മരണാനന്തര ബഹുമതിയായി ഭാരതരത്ന നൽകി ആദരിച്ചു.*

✪✪✪

ഭരണഘടനാ ശില്പി ഡോ ബി ആർ അംബേദ്കറുടെ സന്ദേശമാണ് കഴിഞ്ഞ പതിനൊന്ന് വർഷക്കാലത്തെ കേന്ദ്രഗവൺമെന്റ് ഭരണത്തിന് പിന്നിലെ പ്രചോദനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യത്ത് നടപ്പാക്കിയ ഒരോ വികസന നയങ്ങളും തീരുമാനങ്ങളും അദ്ദേഹത്തിന് സമർപ്പിക്കുന്നതായും പ്രധാനമന്ത്രി ഹരിയാനയിലെ ഹിസാറിൽ പറഞ്ഞു.

---------------- (HOLD - PM VOICE) ----------

ഹിസാറിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കംകുറിച്ച പ്രധാനമന്ത്രി അയോധ്യയിലേക്ക് വാണിജ്യ വിമാന സർവീസ് ഫ്ലാഗ് ഓഫ് ചെയ്തു. ഹിസാർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച നരേന്ദ്രമോദി പൊതുയോഗത്തെ അഭിസംബോധന ചെയ്തു.

യമുനനഗറിലും വിവിധ വികസനപദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

ഡെസ്ക് റിപ്പോർട്ട്.

-------------(വോയ്സ്)--------------

✪✪✪

*യമുനനഗറിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കും. യമുനനഗറിലെ ദീൻബന്ധു ഛോട്ടു റാം താപവൈദ്യുത നിലയത്തിലെ 800 മെഗാവാട്ട് ആധുനിക താപവൈദ്യുത യൂണിറ്റിന്റെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.*

*ഗോബർധൻ പദ്ധതിയുടെ ഭാഗമായി മുകരബ്പൂരിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിനും നരേന്ദ്രമോദി തറക്കല്ലിടും.*

*ഭാരത്‌മാല പരിയോജനയ്ക്ക് കീഴിൽ 1,070 കോടിയോളം രൂപ ചെലവിൽ നിർമിക്കുന്ന 14.4 കിലോമീറ്റർ റെവാരി ബൈപാസ് പദ്ധതിയും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.*

✪✪✪

കാർഷിക സമൃദ്ധിയുടെ ഓർമ പുതുക്കി മലയാളികൾ ഇന്ന് വിഷു ആഘോഷിക്കുന്നു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പുതിയ കാലം പ്രതീക്ഷിക്കുന്ന ആഘോഷംകൂടിയാണ് വിഷു. കൈനീട്ടം നൽകിയും പടക്കംപൊട്ടിച്ചും സദ്യയൊരുക്കിയും നാടെങ്ങും ആഘോഷ നിറവിലാണ്.

ഡെസ്ക് റിപ്പോർട്ട്

-----------------(വോയ്സ്)--------------------

✪✪✪

*മേടപ്പുലരിയിൽ സന്നിധാനത്ത് പുലർച്ചെ നാലിന് നട തുറന്നതുമുതൽ നല്ല തിരക്കാണ് അനുഭവപ്പെട്ടത്. ഓട്ടുരുളിയിൽ ഒരുക്കിയ വിഷുക്കണിവിഭവങ്ങൾ അയ്യനെ കണി കാണിച്ചശേഷമാണ് ഭക്തർക്ക് ദർശനമാരംഭിച്ചത്. തന്ത്രി കണ്ഠര് രാജീവര്, മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ ഭക്തർക്ക് വിഷുകൈനീട്ടവും നൽകി. രാവിലെ 7 വരെ നീണ്ട വിഷുക്കണി ദർശനത്തിന് ശേഷം അഭിഷേകമുൾപ്പെടെ പൂജകളും നടന്നു.*

*വിഷുപ്പുലരിയിൽ ആറൻമുള ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിലും വിഷുക്കണി ദർശനത്തിന് വൻ ഭക്തജനത്തിരക്കായിരുന്നു. സ്വർണ്ണ തലേക്കെട്ട്, സ്വർണ്ണക്കുടങ്ങൾ വെള്ളിക്കുടങ്ങൾ എന്നിവയുൾപ്പടെയാണ് ആറൻമുള ക്ഷേത്രത്തിൽ വിഷുക്കണി ഒരുക്കിയത്.*

*കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങളിലും പുലർച്ചെ മുതൽ വലിയ തിരക്കുണ്ടായി. വിഷുവിളക്കുത്സവം നടക്കുന്ന ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്രത്തിലും അടിയുത്സവം നടക്കുന്ന മാവിലാക്കാവ് ക്ഷേത്രത്തിലും വെടി വഴിപാടിന് പ്രാധാന്യമേറെയുള്ള കാപ്പാട്ക്കാവ് ക്ഷേത്രത്തിലും നിരവധിയാളുകൾ ദർശനത്തിനെത്തി.*

*കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളിലും പുലർച്ചെ മുതൽ തിരക്കായിരുന്നു. മധൂർ സിദ്ധിവിനായക ക്ഷേത്രം, മല്ലികാർജ്ജുന ക്ഷേത്രം, കാഞ്ഞങ്ങാട് മഡിയൻ ക്ഷേത്രപാലക ക്ഷേത്രം, നീലേശ്വരം തളിയിൽ നീലകണ്ഠേശ്വര ക്ഷേത്രം, മന്ദംപുറം കാവ് എന്നിവിടങ്ങളിൽ വൻ ഭക്തജന തിരക്കനുഭവപ്പെട്ടു.*

✪✪✪

വിഷുപ്പുലരിയിൽ ഗുരുവായൂരിൽ കണ്ണനെ കണി കാണാൻ പതിനായിരങ്ങളാണെത്തിയത്.

വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.

-------------- (വോയ്സ്) -----------

✪✪✪

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മലയാളികൾക്ക് വിഷു ആശംസ നേർന്നു. വിഷുവിന്റെ വിളവെടുപ്പ് ഉത്സവം സമൃദ്ധിയുടെയും സംതൃപ്തിയുടെയും ഒരുമയുടെയും ഭാവം കൊണ്ടുവരട്ടെയെന്ന് ആശംസിച്ചു. നമ്മെ നിലനിർത്തുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ മലയാളികൾക്ക് വിഷു ആശംസ നേർന്നു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളപ്പെടുത്തലാണ് വിഷുവെന്നും അഭിവൃദ്ധിയുടെ നല്ല നാളുകൾക്കായി പ്രതീക്ഷകളും സ്വപ്നങ്ങളും

പങ്കുവെക്കാൻ ഏവരും ഒത്തുകൂടുന്ന ആഘോഷ നിമിഷങ്ങളാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തമിഴ്നാട്ടിൽ പുതുവർഷാഘോഷമായ തമിഴ് പുത്താണ്ട് ഇന്ന്. സൗരകലണ്ടറിനെ ആധാരമാക്കിയാണ് ചിത്തിരൈ മാസത്തിന്റെ പിറവി കണക്കാക്കുന്നത്. പുത്താണ്ട് ആഘോഷത്തിന്റെ ഭാഗമായി ക്ഷേത്രങ്ങൾ സന്ദർശിക്കുകയും വീട്ടിൽ ആറ് രുചികളിൽ ഭക്ഷണം തയ്യാറാക്കി വാഴയിലയിൽ വിളമ്പുകയും ചെയ്യും.

✪✪✪

ആന്ധ്രാപ്രദേശിൽ അനകപ്പള്ളി ജില്ലയിലെ ഫാക്ടറി തീപ്പിടിത്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു.

✪✪✪

ഇന്ന് ദേശീയ അഗ്നിരക്ഷാദിനം. 1944 ഏപ്രിൽ 14ന് മുംബൈ തുറമുഖത്തെ വിക്ടോറിയ ഡോക്കിൽ നങ്കൂരമിട്ട ബ്രിട്ടീഷ് കപ്പലിലുണ്ടായ തീപ്പിടിത്തത്തിൽ ജീവത്യാഗം ചെയ്ത അഗ്നിരക്ഷാ സൈനികരുടെ ഓർമദിനമാണ് ദേശീയ അഗ്നിരക്ഷാ ദിനമായി ആചരിക്കുന്നത്.

✪✪✪

ശബരിമല സന്നിധാനത്ത് അയ്യപ്പ ചിത്രം ആലേഖനം ചെയ്ത സ്വർണ ലോക്കറ്റുകളുടെ വിതരണോത്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. ഓൺലൈനിലൂടെ ആദ്യം ബുക്ക് ചെയ്ത ഭക്തരിൽ നിന്നും തെരെഞ്ഞെടുത്ത ആന്ധ്രപ്രദേശ് സ്വദേശി കൊമ്പാഗെപ്പു മണിരത്നത്തിന് ആദ്യ ലോക്കറ്റ് കൈമാറി. തന്ത്രി കണ്ഠരര് രാജീവര്, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്, അംഗം അഡ്വ. എ. അജികുമാർ എന്നിവർ ഭക്തർക്ക് ലോക്കറ്റുകൾ വിതരണം ചെയ്തു.

ബുക്കിംഗ് ആരംഭിച്ച് രണ്ട് ദിവസത്തിനകം 100-ലേറെ ഭക്തരാണ് ലോക്കറ്റുകൾ ബുക്ക് ചെയ്തത്.

✪✪✪

സെക്രട്ടറിയേറ്റിനു മുന്നിൽ ആശാ പ്രവർത്തകരുടെ രാപ്പകൽ സമരം 64-ാം ദിവസത്തിലേക്ക് കടന്നു. നിരഹാര സമരം ഇന്ന് 26-ാം ദിവസത്തിലെത്തി. വിഷുദിനത്തിൽ പ്രതിഷേധസൂചകമായി ആശാ പ്രവർത്തകർ സമരപ്പന്തലിൽ വിഷുക്കണി ഒരുക്കി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ലക്നൗവിലാണ് മത്സരം.

ഇന്നലെ ജയ്പൂരിൽ രാജസ്ഥാൻ റോയൽസിനെ 9 വിക്കറ്റിന് ബംഗളൂരു പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ഡൽഹിയിൽ മുംബൈ ഇന്ത്യൻസ് 12 റൺസിന് ഡൽഹി കാപ്പിറ്റൽസിനെ തോല്പിച്ചു.

✪✪✪

മുൻ ഇന്ത്യൻ ക്യാപ്റ്റൻ സൗരവ് ഗാംഗുലിയെ ICC പുരുഷ ക്രിക്കറ്റ് കമ്മിറ്റിയുടെ ചെയർമാനായി വീണ്ടും നിയമിച്ചു. പാനൽ അംഗമായി മുൻ താരം VVS ലക്ഷ്മണും തിരഞ്ഞെടുക്കപ്പെട്ടു.

✪✪✪

കേരള പ്രീമിയർ ലീഗിൽ നാളെ ഗോകുലം കേരള എഫ്.സി, ദേവഗിരി സെന്റ് ജോസഫ്സ് കോളജിനെ നേരിടും. ഇന്നലെ, കോവളം എഫ്.സിയെ ഒന്നിനെതിരെ രണ്ട് ഗോളിന് കേരള യുണൈറ്റഡ് എഫ്.സി പരാജയപ്പെടുത്തി.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ അവസാന ഹോം മത്സരത്തിൽ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC, നിത FCയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തി.

13 മത്സരങ്ങളിൽ നിന്ന് 29 പോയിന്റ് നേടിയ ഗോകുലം പോയിന്റ് പട്ടികയിൽ രണ്ടാമതാണ്. ഈസ്റ്റ് ബംഗാളാണ് ഒന്നാം സ്ഥാനത്ത്.

ലീഗിൽ ശേഷിക്കുന്ന മത്സരത്തിൽ ഗോകുലം കേരള ഈസ്റ്റ് ബംഗാൾ FC-യെ നേരിടും. വെള്ളിയാഴ്ച ഈസ്റ്റ് ബംഗാൾ ഗ്രൗണ്ടിലാണ് മത്സരം.

✪✪✪

കൊല്ലം പൂരവും കുടമാറ്റവും നാളെ വൈകിട്ട് ആശ്രാമം മൈതാനത്ത് നടത്തും. പൂരം പ്രമാണിച്ച് നാളെ ഉച്ചക്ക് രണ്ട് മുതൽ കോർപറേഷൻ പരിധിയിൽ ജില്ലാ കലക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. നേരത്തെ നിശ്ചയിച്ച പൊതുപരീക്ഷകൾക്കും ഗവൺമെന്റ് പരിപാടികൾക്കും അവധി ബാധകമല്ല.

✪✪✪

അപൂർവ്വ രോഗബാധിതരായ കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവിഷ്ക്കരിച്ച കെയർ ചികിത്സാ പദ്ധതിയിലേക്ക് ഇന്നു മുതൽ വിഷു കൈനീട്ടം സ്വീകരിച്ച് തുടങ്ങുമെന്ന് മന്ത്രി വീണാജോർജ്ജ് അറിയിച്ചു. 12 വയസ് വരെ പ്രായക്കാരായ കുട്ടികൾക്ക് പദ്ധതിയിൽ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കോടികൾ ചെലവ് വരുന്ന ഇത്തരം ചികിത്സകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയാണ് ലക്ഷ്യം.

✪✪✪

---

*News Editor: ഹബീബ് റഹ്മാൻ*
*News Reader : സിയാബ് പൊയിൽക്കാവ്*
*News Team: രജ്ന കെ ആസാദ്, ഫസ്ന ഫാത്തിമ*
*DEO :*